**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1374

30.01.2018 ൽ മറുപടിക്ക്

## എയ്ഡഡ് കോളേജ് നിയമനത്തിൽ സംവരണം

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് കോളേജ് നിയമനത്തിൽ ഇടപെടുന്നതിന് സർക്കാരിന് അവകാശമുണ്ടോ; | (എ) | ഗവൺമെന്റ് നോമിനി ഉൾപ്പെടുന്ന ഒരു സെലക്ഷൻ കമ്മറ്റിയാണ് എയ്ഡഡ് കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് |
| (ബി) | എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണം നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇത് സംബന്ധിച്ച നയം അറിയിക്കുമോ? | (ബി) | 2006-ൽ യു ജി സി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുകയും സർവ്വകലാശാലകളോട് അതനുസരിച്ച് നിയമങ്ങളിലും, സ്റ്റാറ്റ്യൂട്ടുകളിലും ഭേദഗതി വരുത്തി അദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താൻ നിർദ്ദേശിക്കുയും ചെയ്തിരുന്നു."ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 32393/2010, 33205/2010, 9140/2013 എന്നീ റിട്ട് ഹർജികളിലെ 25.05.2015 ലെ വിധി പ്രകാരവും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടതല്ലാത്ത എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കത്തക്ക വിധത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതികൾ വരുത്തുകയോ സ്റ്റാറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ബന്ധപ്പെട്ട സർവ്വകലാശാല ആക്ടുകൾ പ്രകാരം ആദ്യ സ്റ്റാറ്റ്യൂട്ടുകൾ ഒഴികെ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഉള്ള അധികാരങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ബന്ധപ്പെട്ട സർവ്വകലാശാലകളാണ് സ്വീകരിക്കേണ്ടത്.<br><br>എന്നാൽ കോടതിവിധിക്കെതിരെ ഏതാനും മാനേജ്മെന്റുകൾ ഫയൽ ചെയ്ത WA1664/15 ാം നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 21.12.2017 ലെ വിധിന്യായത്തിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള 25.5.2015 ലെ ബഹു. ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതിയുടെ 21.12.2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള അനന്തരനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

Rakesh.

സെക്ഷൻ ഓഫീസർ